ഒരു ഒട്ടകത്തിൻ്റെയും കഴുത്തിൽ വില്ലിൻ്റെ ചരട്
കൊണ്ടുള്ളതോ അല്ലാത്തതോ ആയ ഉറുക്കുകൾ മുറിച്ചു
നീക്കപ്പെടാതെ അവശേഷിക്കരുത്
ُه عَنُْه- വാരി്അൽഅൻസ ബശീർ ൂഅബ

َ ِض َي الل
ر- നിവേദനം: അദ്ദേഹം നബി -صلى الله عليه وسلم- യോടൊപ്പം ഏതോ ഒരു
യാത്രയിലുണ്ടായിരുന്നു. അങ്ങനെ ജനങ്ങൾ രാത്രി കിടക്കാനൊരുങ്ങുമ്പോൾ നബി -صلى الله عليه وسلم- ഒരു
ദൂതനെ അവരിലേക്ക് ഈ സന്ദേശവുമായി പറഞ്ഞയച്ചു: "ഒരു ഒട്ടകത്തിൻ്റെയും കഴുത്തിൽ
വില്ലിൻ്റെ ചരട് കൊണ്ടുള്ളതോ അല്ലാത്തതോ ആയ ഉറുക്കുകൾ മുറിച്ചു നീക്കപ്പെടാതെ
അവശേഷിക്കരുത്."
[صحيح] [متفق عليه]
നബി -صلى الله عليه وسلم- അവിടുത്തെ യാത്രകളിലൊന്നിലായിരുന്നു. അവിടുത്തോടൊപ്പമുള്ളവർ തങ്ങളുടെ
കൂടാരങ്ങളിലും മറ്റുമായി ഉറങ്ങാനുള്ള സ്ഥലങ്ങളിൽ പ്രവേശിച്ചു കഴിഞ്ഞിരുന്നു. അപ്പോൾ
നബി -صلى الله عليه وسلم- അവരിലേക്ക് ഒരു ദൂതനെ അയച്ചു: ഒട്ടകങ്ങളുടെ കഴുത്തിൽ കെട്ടാറുണ്ടായിരുന്ന
വില്ലിൻ്റെ ഭാഗമായ ചരടോ അതല്ലാത്ത മണിയുള്ളതോ ചെരുപ്പിൻ്റെ വാറു കൊണ്ടുള്ളതോ ആയ
ചരടുകളോ മുറിച്ചുകളയാൻ കല്പിച്ചുകൊണ്ടാണ് ആ ദൂതനെ അയച്ചത്. കണ്ണേറിൽ നിന്ന് രക്ഷ
തേടാനായി ഇത്തരം കാര്യങ്ങൾ അവർ ഒട്ടകത്തിൻ്റെ കഴുത്തിൽ ബന്ധിക്കാറുണ്ടായിരുന്നു. നബി -
صلى الله عليه وسلم- അവയെല്ലാം മുറിച്ചു നീക്കാൻ അവരോട് കൽപ്പിച്ചു. കാരണം ഇത്തരം ചരടുകൾക്ക്
എന്തെങ്കിലും ഉപദ്രവങ്ങൾ തടുക്കാൻ കഴിയില്ല. എല്ലാ ഉപകാരങ്ങളും ഉപദ്രവങ്ങളും
അല്ലാഹുവിൻ്റെ തീരുമാനപ്രകാരം മാത്രമാണ് നടക്കുന്നത്; അവന് അതിൽ യാതൊരു പങ്കുകാരനും
ഇല്ല.
https://www.sunnah.global/hadeeth/ml/show/6761